I/86005/2023

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-തളിപ്പറമ്പ് താലൂക്ക്-പരിയാരം ഗ്രാമപഞ്ചായത്ത്- പരിയാരം വില്ലേജ്- റീ.സ.നമ്പർ 26/297, 26/337, 26/338, 26/344, 26/395 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് ജി2 വ്യവസായ ഗണത്തിൽ ഉൾപ്പെടുന്ന ഇൻഡസ്ട്രിയൽ ബിൽഡിംഗ് നിർമ്മിക്കുന്നതിന് ഭൂഉപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KPBR-2019 ചട്ടം 30

2) ശ്രീ. രവീന്ദ്രൻ.ഐ, ജനറൽ മാനേജർ, വി.എം.പി.എസ് ഫുഡ് പാർക്സ് ആന്റ് വെൻചേർസ് എൽ.എൽ.പി, കോർപ്പറേറ്റ് ഓഫീസ്, തേർഡ് ഫ്ലോർ, മാർക്കറ്റ് പ്ലേസ്, കാക്കത്തോട് റോഡ്, തളിപ്പറമ്പ-670141 എന്നവർ 16/01/2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1047/2022-C** **തീയതി 13-02-2023**

---

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ താലൂക്കിൽ പരിയാരം ഗ്രാമപഞ്ചായത്തിൽ , പരിയാരം വില്ലേജിൽ റി. സ. നമ്പർ 26/297, 26/337, 26/338, 26/344, 26/395 ൽ സ്ഥിതി ചെയ്യുന്ന 59,703 ച . മീ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് ജി2 വ്യവസായഗണത്തിൽ ഉൾപ്പെടുന്ന ഫാക്ടറി കെട്ടിടം(2451.43 ച.മീ), കോക്കനറ്റ് ഷെൽ സ്റ്റോറേജ് ഏരിയ(83.16 ച.മീ), ടെസ്റ്റാ ഡ്രയിങ്ങ് ഏരിയ(108.16 ച.മീ), ബോയിലർ റൂം (108.16 ച.മീ), ഇലക്ട്രിക്കൽ റൂം (44.16 ച.മീ), വാച്ച് മാൻ കാബിൻ(6.91 ച.മീ), ജനറേറ്റർ റൂം(56.16 ച.മീ), ഓവർ ഹെഡ് വാട്ടർ ടാങ്ക്(39.16 ച.മീ), എന്നിവ ഉൾപ്പെടെ ആകെ 2897.30 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള നിർമ്മാണങ്ങളുടെ ലേ ഔട്ട് അനുമതിക്കായി ശ്രീ. രവീന്ദ്രൻ.ഐ, ജനറൽ മാനേജർ, വി.എം.പി.എസ് ഫുഡ് പാർക്സ് ആന്റ് വെൻചേർസ് എൽ.എൽ.പി, കോർപ്പറേറ്റ് ഓഫീസ്, തേർ ഡ് ഫ്ലോർ, മാർക്കറ്റ് പ്ലേസ്, കാക്കത്തോട് റോഡ്, തളിപ്പറമ്പ-670141 എന്നവർ സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂഉപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി/ അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നു ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. KPBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, ഭൂമിയുടെ തരം, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KPBR-2019 അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KPBR-2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം, ചട്ടം 76(2)(3) പ്രകാരമുള്ള മഴ വെള്ള സംഭരണി എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
5. KPBR-2019 ചട്ടം 76(3)(2) പ്രകാരം ഓരോ 450 ചതുരശ്ര മീറ്ററിനും കുറഞ്ഞത് ഒരു വൃക്ഷം എന്ന നിരക്കിൽ മരങ്ങൾ നട്ടു വളർത്തേണ്ടതാണ്.
6. KMBR-2019 ചട്ടം 28 പ്രകാരം പ്രസ്തുത പ്ലോട്ടിലേക്ക് 5.00 മീറ്ററിൽ കുറയാത്ത ഗതാഗത യോഗ്യമായ പ്രവേശന മാർഗമുണ്ടെന്നു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

TCPKNR/1047/2022-C

I/86005/2023

എൽ. എ നമ്പർ 11/2023 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണ/വികസനപ്രവൃത്തികൾ ആരംഭിക്കുന്നനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണവികസന അനുമതി/ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ .നിർമ്മാണം/വികസനപ്രവൃത്തികൾ ആരംഭിക്കുവാൻ പാടുള്ളൂ

Signed by
Ravikumar.p
Date: 13-02-2023 16:46:01

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത്

പകർപ്പ്

1) ശ്രീ. രവീന്ദ്രൻ.ഐ, ജനറൽ മാനേജർ, വി.എം.പി.എസ് ഫുഡ് പാർക്സ് ആന്റ് വെൻച്വേർസ് എൽ.എൽ.പി, കോർപ്പറേറ്റ് ഓഫീസ്, തേർഡ് ഫ്ലോർ, മാർക്കറ്റ് പ്ലേസ്, കാക്കത്തോട് റോഡ്, തളിപ്പറമ്പ-670141
2)ഫയൽ 3) കരുതൽ ഫയൽ